**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

ഹാജർ: **ശാലിനി ഗോപിനാഥ് (പെൻ നം 498485)**

ക്ഷീരവികസന വകുപ്പ്- ഡയറക്ടറേറ്റ്- തിരുവനന്തപുരം - ജീവനക്കാര്യം - ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലെ ജനറൽ റിക്രൂട്ട്മെന്റ് മുഖേന അഡ്വൈസ് ചെയ്യപ്പെട്ട ഷംന എം -നെ 8 മാസക്കാല പ്രീ-എൻടി പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിനെത്തുടർന്ന് ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ക്ഷീരവികസന യൂണിറ്റ് കാര്യാലയത്തിൽ 35,600 - 75,400 രൂപാ ശമ്പള സ്കെയിലിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം. DDDKER/54/2023-E1 തിരുവനന്തപുരം,തീയതി: 15-10-2026

പരാമർശം:-1. ജി.ഒ. (പി) നം. 27/2021/ഫിൻ., തീയതി: 10.02.2021

2. കേരള പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ 20.01.2026 ലെ R1F-1/1/2025-KPSC നമ്പർ നിയമന ശിപാർശ കത്ത്.

3. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 06.02.2026 ലെ ഇതേ നമ്പർ ഉത്തരവ്

4.കോട്ടയം ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാളിന്റെ 12.10.2026 ലെ DTCKTM/341/2025-C നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) പ്രകാരം ജനറൽ റിക്രൂട്ട്മെന്റ് മുഖേന ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ അഡ്വൈസ് ചെയ്യപ്പെട്ട ഷംന എം നെ പരാമർശം (3) ലെ ഉത്തരവ് പ്രകാരം ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനത്തിനായുള്ള 8 മാസക്കാല പ്രീ-എൻടി പരിശീലനത്തിനായി കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ നിയോഗിച്ച് ഉത്തരവായിരുന്നു. ഷംന എം പരിശീലനം വിജയകരമായി പൂർത്തിയാക്കിയ വിവരം പരാമർശം (4) പ്രകാരം കോട്ടയം ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ടി ഉദ്യോഗാർത്ഥിയെ 35,600 -75,400 രൂപാ ശമ്പള സ്കെയിലിൽ താഴെപ്പറയുംവിധം ക്ഷീരവികസന യൂണിറ്റ് കാര്യാലയത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ക്രമ നം** | **ഡയറി ഫാം ഇൻസ്ട്രക്ടറായി നിയമനം ലഭിക്കുന്ന പരിശീലനാർത്ഥിയുടെ പേരും മേൽവിലാസവും** | **നിയമനം നൽകുന്ന ക്ഷീരവികസന യൂണിറ്റ് കാര്യാലയം, ജില്ല** | **റിപ്പോർട്ടിംഗ് ഓഫീസർ, ക്ഷീരവികസന യൂണിറ്റ്, ജില്ല** |
|---|---|---|---|
| 1 | SHAMNA M<br>MULLAN MADAKKAL HOUSE<br>PARAPPUR<br>PARAPPUR POST, PIN 676503<br>MALAPPURAM DISTRICT<br><br>Communication Address:<br>PATTANI HOUSE THARISH<br>MALAPPURAM DISTRICT THARISH | ചിറ്റൂർ<br>പാലക്കാട് | ക്ഷീരവികസന<br>ഓഫീസർ, ചിറ്റൂർ |

| | | | |
|---|---|---|---|
| | POST, PIN 676523 | | |

ടി നിയമനം താൽക്കാലികവും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ പാർട്ട് 2 പൊതുചട്ടം 9 (എ) (1), 10 (ബി)-ന് വിധേയമായിരിക്കും. ടി താൽക്കാലിക നിയമനം ക്രമീകരിക്കുന്നത് സർക്കാരുദ്യോഗത്തിൽ നിയമിക്കപ്പെടുന്നതിന് യോഗ്യരാണെന്ന പൊലീസ് അന്വേഷണ റിപ്പോർട്ടിന്റെയും കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ മാത്രമായിരിക്കും. ടി റിപ്പോർട്ട് എതിരായാൽ ടി താൽക്കാലിക നിയമനം യാതൊരു അറിയിപ്പും കൂടാതെ റദ്ദാക്കുന്നതാണ്. നിയമന ശിപാർശയും 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് പാർട്ട് 2 പൊതുചട്ടങ്ങളിലെ 3 (സി) ചട്ടത്തിന് വിധേയമായിരിക്കും.

ഈ ഉത്തരവ് പ്രകാരം നിയമനം ലഭിക്കുന്ന വ്യക്തി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം നിയമാനുസൃതം നിരീക്ഷണത്തിലായിരിക്കും. കൂടാതെ, കെ.എസ്.ആർ. പാർട്ട് 1 റൂൾ 22, 22 എ 22 ബി എന്നിവ പ്രകാരം ജനറൽ പ്രൊവിഡൻ്റ് ഫണ്ട്, കേരള സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ പദ്ധതികളിലും നാഷണൽ പെൻഷൻ സ്കീമിലും നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ വരിക്കാരാകേണ്ടതുമാണ്.

ഈ ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്നയാൾ ജോലിയിൽ പ്രവേശിച്ച് 7 ദിവസത്തിനുള്ളിൽ ഓഫീസ് തലവൻ മുഖേന ട്രഷറി ഓഫീസർക്ക് PRAN ലഭിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതുമാണ്. ജോലിയിൽ പ്രവേശിക്കുന്ന അവസരത്തിൽ താഴെപ്പറയുന്ന പ്രമാണങ്ങളുടെ അസ്സൽ, പകർപ്പുകൾ എന്നിവ ഹാജരാക്കേണ്ടതാണ്:

1. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ.
2. പ്രീ-എൻടി പരിശീലനം നടന്ന ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാളിന്റെ വിടുതൽ ഉത്തരവ്.

15.10.2026 അപരാഹ്നം 8 മാസക്കാല പ്രീ-എൻടി പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ടി പരിശീലനാർത്ഥിയെ അന്നേദിവസം അപരാഹ്നം കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്.

Digitally signed by
SALINI GOPINATH
Date: 15-10-2026
17:21:32

DIRECTOR

To,ബന്ധപ്പെട്ട പരിശീലനാർത്ഥിക്ക് (കോട്ടയം ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾ മുഖേന).

പകർപ്പ്:- 1) പ്രിൻസിപ്പാൾ, ക്ഷീരപരിശീലന കേന്ദ്രം, കോട്ടയം (പ്രീ-എൻടി പരിശീലനത്തിൽ പ്രവേശിക്കുന്ന അവസരത്തിൽ ഉദ്യോഗാർത്ഥികൾ സമർപ്പിച്ചിരുന്ന തിരിച്ചറിയൽ രേഖകൾ, മെഡിക്കൽ സർട്ടിഫിക്കറ്റ്, അനക്സ്ചർ ഫോം, സ്പാർക്ക് ഫോം, സേവനപുസ്തകം (ഓപ്പൺ ചെയ്തിട്ടുണ്ടെങ്കിൽ) എന്നിവ ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസർമാർക്ക് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖേന എത്രയും വേഗം അയച്ചുകൊടുക്കേണ്ടതാണ്. ആയതിന്റെ പകർപ്പുകൾ താങ്കളുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതുമാണ്).

2) ഡയറക്ടറുടെ മേശപ്പുറത്ത്

3) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്).

4) ഡെപ്യൂട്ടി ഡയറക്ടർ- **പാലക്കാട്**

5) ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസർമാർക്ക് (ഡി.ഡി. മുഖേന).

6) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്

7) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

8) ഡെയറി ഫാം ഇൻസ്ട്രക്ടർ, റ്റി.സി. ആന്റ് ഐ.ടി. സെൽ, ഡയറക്ടറേറ്റ് -ഉത്തരവ് വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.